**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 147** **07-06-2021 - ൽ മറുപടിയ്ക്ക്**

**ചൂർണിക്കര മിച്ചഭൂമി ഏറ്റെടുക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | **Shri M. V. Govindan Master**<br>**(തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും എക്സൈസും വകുപ്പ് മന്ത്രി)** | |
| (എ) | ആലുവ നിയോജകമണ്ഡലത്തിൽ ചൂർണിക്കര പഞ്ചായത്തിലെ ആശോക ടെക്സ്റ്റൈൽസിൽ നിന്നും ഏറ്റെടുത്തതും നിലവിൽ കളിസ്ഥലമായി ഉപയോഗിച്ച് വരുന്നതുമായ ഭൂമി പഞ്ചായത്തിന് വിട്ടുകൊടുക്കുന്നത് സംബന്ധിച്ച പഞ്ചായത്ത് ഡയറക്ടറേറ്റിലെ 14409/19/18 നമ്പർ ഫയലിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എ) | ആലുവ നിയോജക മണ്ഡലത്തിൽ ചൂർണിക്കര പഞ്ചായത്തിലെ ആശോക ടെക്സ്റ്റൈൽസിൽ നിന്നും ഏറ്റെടുത്തതും നിലവിൽ കളിസ്ഥലമായി ഉപയോഗിച്ച് വരുന്നതുമായ ഭൂമി പഞ്ചായത്തിന് വിട്ടുകൊടുക്കുന്നത് സംബന്ധിച്ച വിഷയത്തിൽ എറണാകുളം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറിൽ നിന്നും റിപ്പോർട്ട് തേടുകയുണ്ടായി. അതിൻപ്രകാരം ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ പഞ്ചായത്ത് ഡയറക്ടർ തയ്യാറാക്കിയ റിപ്പോർട്ട് 31.05.2021-ൽ സർക്കാരിൽ ലഭിച്ചിട്ടുണ്ട്. റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത വിഷയം സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടർ സർക്കാരിലേക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോയെന്നറിയിക്കുമോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ? | (ബി) | ആലുവ നിയോജക മണ്ഡലത്തിൽ ചൂർണിക്കര പഞ്ചായത്തിലെ ആശോക ടെക്സ്റ്റൈൽസിൽ നിന്നും ഏറ്റെടുത്തതും നിലവിൽ കളിസ്ഥലമായി ഉപയോഗിച്ച് വരുന്നതുമായ ഭൂമി പഞ്ചായത്തിന് വിട്ടുകൊടുക്കുന്നത് സംബന്ധിച്ച വിഷയത്തിൽ എറണാകുളം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറിൽ നിന്നും റിപ്പോർട്ട് തേടുകയുണ്ടായി. അതിൻപ്രകാരം ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ പഞ്ചായത്ത് ഡയറക്ടർ തയ്യാറാക്കിയ റിപ്പോർട്ട് 31.05.2021-ൽ സർക്കാരിൽ ലഭിച്ചിട്ടുണ്ട്. റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

File No.PAN/14409/2019-C8(DP)

അനുബന്ധം

150 YEARS OF CELEBRATING THE MAHATMA

പഞ്ചായത്ത് ഡയറക്ടറാഫീസ്,
പബ്ലിക് ഓഫീസ് പി ഓ , 695033 ,
directorofpanchayatsection@gmail.com
0471-2786318 തീയതി : 01/03/2021

പഞ്ചായത്ത് ഡയറക്ടർ

അഡീഷണൽ ചീഫ് സെക്രട്ടറി
തദ്ദേശസ്വയംഭരണ ആർ.സി.വകുപ്പ്

സർ,

വിഷയം: പഞ്ചായത്ത് വകുപ്പ് - ചൂർണ്ണിക്കര ഗ്രാമപഞ്ചായത്ത് - അശോക ടെക്സ്റ്റൈൽസിൽനിന്നും ഏറ്റെടുത്ത 1.02 ഏക്കർ സ്ഥലംകളിസ്ഥലമായി അനുവദിക്കണമെന്നുള്ള അപേക്ഷ - റിപ്പോർട്ട് സമർപ്പിക്കുന്നത് -സംബന്ധിച്ച് .

സൂചന: 1. 1 )സർക്കാരിൽ നിന്നുള്ള 14/01/2019 തീയതിയിലെ ആർ.സി1/161/2019/ത.സ്വ.ഭ.വ നമ്പർ കത്ത്

2. എറണാകുളം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ11/01/2021 തീയതിയിലെ DDP-EKM/2532 /2019-D4 നമ്പർ കത്ത്.

മേൽ വിഷയത്തിലേയ്ക്കും സൂചനയിലേക്കും അങ്ങയുടെ ശ്രദ്ധ ക്ഷണിക്കുന്നു . എറണാകുളം ജില്ലയിൽ ചൂർണ്ണിക്കര ഗ്രാമപഞ്ചായത്തിലെ അശോക ടെക്സ്റ്റൈൽ നിന്നും ബഹു.സർക്കാർ ഏറ്റെടുത്ത ഭൂമിയിൽ നിന്നും 1.02 ഏക്കർ ഭൂമി ഗ്രാമപഞ്ചായത്തിൻറ കളിസ്ഥലമായി അനുവദിക്കണമെന്നാവശ്യപ്പെട്ട് കൊണ്ട് ആലുവ എം.എൽ.എ. അൻവർ സാദത്ത് സർക്കാരിൽ സമർപ്പിച്ച നിവേദത്തിൻമേൽ താഴെ പറയും പ്രകാരം റിപ്പോർട്ട് സമർപ്പിച്ചുകൊള്ളുന്നു.

ചൂർണ്ണിക്കര ഗ്രാമപഞ്ചായത്തിൽ അശോക . ടെക്സ്റ്റൈൽസിന്റെ ഉടമസ്ഥതയിൽ ഉണ്ടായിരുന്ന ഭൂമിയിൽ നിന്നും ജില്ലാ ഭരണകൂടം മിച്ച ഭൂമിയായി ഏറ്റെടുത്ത സ്ഥലം നാഷണൽ ഹൈവേ നാലുവരി പാതയായി വികസിപ്പിക്കുന്നതിന്റെ ഭാഗമായി എൻ.എച്ച് . പുറമ്പോക്കിൽ നിന്ന് കുടിയൊഴിപ്പിക്കപ്പെട്ടതും , മുട്ടം എന്ന സ്ഥലത്ത് താമസിച്ചിരുന്നതുമായ കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനാണ് തീരുമാനിച്ചിരുന്നത് . എന്നാൽ കാലങ്ങളായി ടി സ്ഥലം കളിക്കളമായി ഉപയോഗിച്ചിരുന്ന ക്ലബ്ബുകളും യുവജന സംഘങ്ങളും ഗ്രൌണ്ട് നിലനിർത്തുന്നതിന് ആവശ്യപ്പെട്ടതനുസരിച്ച് ജില്ലാ കളക്ടർ ഇടപെട്ട് അന്നത്തെ ആലുവ എം.എൽ.എ. ആയിരുന്ന ശ്രീ . കെ . മുഹമ്മദാലിയുടെയും , ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് ശ്രീ . അബ്ദുൾ കരീമിൻറയും സാന്നിദ്ധ്യത്തിൽ ചർച്ച നടത്തുകയും പുനരധിവസിപ്പിക്കുന്ന ഓരോ കുടുംബത്തിനും 4 സെൻറ് തം നൽകാൻ തീരുമാനിച്ചിരുന്നത് 3 സെൻറ് വീതമായി കുറച്ചുകൊണ്ട് ബാക്കി ഭൂമി പൊതു ആവശ്യത്തിനുള്ള കളി സ്ഥലമായി അനുവദിക്കുന്നതിന് തീരുമാനിക്കുകയും, അന്ന് നിലവിലുണ്ടായിരുന്ന ജില്ലാ കൌൺസിൽ പ്രസിഡൻറ് ശ്രീമതി . മോളി എബ്രഹാം 22/08/1993 സ്ഥലം പഞ്ചായത്ത് ഗ്രൗണ്ടായി പ്രഖ്യാപിച്ച് ഉദ്ഘാടനം നിർവ്വഹിക്കുകയും

ചെയ്തു . എന്നാൽ നാളിതുവരെ പ്രസ്തുത സ്ഥലത്തിന്റെ ഉടമസ്ഥത ഗ്രാമപഞ്ചായത്തിന് ലഭിച്ചിട്ടില്ല . 21/03/2015 ലെ റവന്യ ( എൽ ) വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ 69595 / എൻ / 2011 റവന്യൂ നമ്പർ കത്തിന്റെ അടിസ്ഥാനത്തിൽ മേൽ വസ്തു ഭൂരഹിതരില്ലാത്ത കേരളം പദ്ധതി എന്ന പൊതു ആവശ്യത്തിലേയ്ക്ക് മാറ്റിവച്ചുകൊണ്ട് ലാൻഡ് ബോർഡ് സെക്രട്ടറി ഉത്തരവിട്ടതായി അറിയുന്നു .

18 വാർഡുകളുള്ള ചൂർണ്ണിക്കര ഗ്രാമപഞ്ചായത്തിലെ അശോക ടെക്സ്റ്റൈൽസിന്റെ ഭൂമി സർക്കാർ ഏറ്റെടുക്കുന്നതിന് മുമ്പ് കാലങ്ങളായി ഗ്രൗണ്ടായി ഉപയോഗിച്ചുവരുന്നതാണ്. . ചൂർണ്ണിക്കര ഗ്രാമപഞ്ചായത്തിൽ മറ്റൊരു പൊതു കളിസ്ഥലം ഇല്ലാത്ത സാഹചര്യത്തിൽ ചൂർണ്ണിക്കര വില്ലേജിൽ സർവ്വേ നമ്പർ 533 – ൽ പെട്ട 1.02 ഏക്കർ വിസ്തീർണ്ണമുള്ളതും, 1993 മുതൽ ഗ്രാമ പഞ്ചായത്ത് കളിസ്ഥലമായി ഉപയോഗിച്ചുവരുന്നതുമായ ഭൂമി, ചൂർണ്ണിക്കര ഗ്രാമപഞ്ചായത്ത് ഗ്രൗണ്ടായി നിലനിർത്തി ആവശ്യമായ വികസന പ്രവർത്തനങ്ങൾ നടത്തുന്നതിലേയ്ക്കായി ടി സ്ഥലം ചൂർണ്ണിക്കര ഗ്രാമപഞ്ചായത്തിന് പതിച്ചു കിട്ടുന്നതിനുള്ള അൻവർ സാദത്ത് എം.എൽ.എ – യുടെ നിവേദനത്തിൻമേൽ അനുകൂല നടപടി സ്വീകരിക്കാവുന്നതാണെന്ന വിവരം സമർപ്പിക്കുന്നു .

വിശ്വസ്തതയോടെ
DR.P.K.JAYASREE IAS
DIRECTOR OF PANCHAYATH

Signature valid

Digitally signed by P K
Jayasree
Date: 2021.03.01 06:15:06
PST
Reason: Approved